**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1378** **15-10-2026-ൽ മറുപടിയ്ക്ക്**

**കേരളത്തിന്റെ വിനോദസഞ്ചാര മേഖല ശക്തിപ്പെടുത്താൻ നടപടികൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. തോമസ് ഉണ്ണിയാടൻ

ശ്രീ. പി. സി. വിഷ്ണുനാഥ്
(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** ഭാവി കേരളത്തിന്റെ ഏറ്റവും വലിയ വരുമാനസ്രോതസ്സാകാൻ പോകുന്ന വിനോദസഞ്ചാര മേഖലയുടെ പുത്തൻ ഉണർവിനായി എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ;

**മറുപടി:** കേരളത്തിന്റെ ഭാവി വികസനത്തിൽ വിനോദസഞ്ചാര മേഖലയ്ക്ക് നിർണായക സ്ഥാനമാണുള്ളത്. സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കുക, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, പ്രാദേശിക സമ്പത് വ്യവസ്ഥ ശക്തിപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ വിനോദസഞ്ചാരമേഖലയിൽ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുകയും പുതിയ പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തു വരുന്നു.

ഈ സാമ്പത്തിക വർഷം അനുവദിച്ച പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി നൂതന പദ്ധതികൾ വകുപ്പ് ആസൂത്രണം ചെയ്തുവരുന്നു

**(ബി)** കേരളത്തിന്റെ ടൂറിസം സാധ്യതകൾ മറ്റ് സംസ്ഥാനങ്ങളിലും വിദേശത്തും പരിചയപ്പെടുത്തുന്നതിനായി പ്രത്യേക പദ്ധതികൾ നടപ്പിലാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

**മറുപടി:** കേരളത്തിന്റെ ടൂറിസം സാധ്യതകൾ മറ്റ് സംസ്ഥാനങ്ങളിലും വിദേശത്തും പരിചയപ്പെടുത്തുന്നതിനായി ഇന്ത്യക്കകത്തും പുറത്തുമുള്ളപ്രധാന പട്ടണങ്ങളിൽ ടൂറിസം വകുപ്പ് പാർട്ണർഷിപ്പ് മീറ്റുകൾ സംഘടിപ്പിക്കുകയും പ്രധാന ടൂറിസം ട്രേഡ് ഫെയറുകളിൽ പങ്കെടുക്കുകയും ചെയ്യുന്നു. പരമ്പരാഗത പ്രിന്റ് ക്യാമ്പയ്നുകൾ കൂടാതെ നവ സമൂഹമാധ്യമങ്ങളിലൂടെയും ടെലിവിഷൻ, സിനിമ ഹാൾ എയർപോർട്ട് മുതലായവയിലൂടെയും ടൂറിസം വകുപ്പ് മാർക്കറ്റിംഗ് കാമ്പയിനുകൾ നടത്തി വരുന്നു. കൂടാതെ പ്രശസ്തരായ ഇൻഫ്ളുവൻസേർസ്, മാധ്യമ പ്രവർത്തകർ എന്നിവരിലൂടെ കേരളത്തിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ പ്രചാരണം നടത്തുന്നതിനായി FAM ടൂറുകളും നടത്തി വരുന്നു.

**(സി)** കേരളത്തിലെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ?

**മറുപടി:** അടിസ്ഥാന സൗകര്യ വികസനത്തിന് കൂടി മുൻഗണന നൽകിക്കൊണ്ടാണ് വകുപ്പ് പദ്ധതികൾ വിഭാവനം ചെയുന്നത്. സന്ദർശകരുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവിനനുസരിച്ച്

ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും വകുപ്പ് ആവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നു. കേരളത്തിലെ വിനോദസഞ്ചാരമേഖലയിൽ ആവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കുവാൻ വൈവിധ്യമാർന്ന പദ്ധതികളാണ് ടൂറിസം വകുപ്പ് നടപ്പിലാക്കുന്നത്. സംസ്ഥാനത്തിന്റെ വിനോദസഞ്ചാരകേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ടോയ്ലറ്റ് അമിനിറ്റി സെന്റർ, ലൈറ്റിങ്, സി.സി.ടി.വി. ക്യാമറകൾ ഉൾപ്പെടെ ഓരോ ടൂറിസം ഡെസ്റ്റിനേഷന്റെയും പ്രാധാന്യം കണക്കിലെടുത്ത് കൊണ്ടുള്ള അടിസ്ഥാന സൗകര്യ വികസനങ്ങൾക്ക് വകുപ്പ് ഊന്നൽ നൽകി നടപ്പിലാക്കി വരുന്നു.

**സെക്ഷൻ ഓഫീസർ**